# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 124 | 03.02.2020-ൽ മറുപടിയ്ക്ക്

### ലോക കേരളസഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ്

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഒന്നാം ലോക കേരളസഭയിലും ദുബായ് മേഖലാ സമ്മേളനത്തിലും എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടുവെന്നും ഇതിന്മേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ; | എ) | ഒന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകൾ പരിശോധിച്ച് തെരഞ്ഞെടുക്കപ്പെട്ട 10 ശിപാർശകൾ ദുബായിൽ നടന്ന പശ്ചിമേഷ്യൻ മേഖലാ സമ്മേളനത്തിൽ വിശദമായി ചർച്ച ചെയ്യുകയും താഴെക്കാണുന്ന നടപടികൾ കൈക്കൊള്ളുകയും ചെയ്തു.<br><br>1. <u>എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി</u><br>പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവത്ക്കരിച്ചു പ്രവർത്തിച്ചു വരുന്നു. ഗൾഫ് മേഖലയിലെ നിക്ഷേപസമൂഹത്തിന് കേരളത്തിലെ നിക്ഷേപസാധ്യതകൾ വ്യക്തമാക്കാനായി എൻ.ആർ.ഐ. എമർജിംഗ് എന്റർപ്രെണേഴ്സ് മീറ്റ് എന്ന പേരിൽ ദുബായിൽ നിക്ഷേപ സംഗമം സംഘടിപ്പിച്ചു.<br><br>2. <u>എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി</u><br>അപ്പാർട്ടുമെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധകമ്പനിയായി എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനമായിട്ടുണ്ട്.<br><br>3. <u>പ്രവാസി സഹകരണ സംഘം</u><br><br>തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള ഒരു സഹകരണസംഘം കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.<br><br>4. <u>വനിത എൻ.ആർ.കെ. സെൽ</u><br><br>വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിത കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.<br><br>5. <u>എയർപ്പോർട്ടുകളിൽ migration facilitation centre, പാസ്സ്പോർട്ട് ഓഫീസുകളിൽ Pre-embarkment orientation centres</u><br><br>മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താനും എയർപ്പോർട്ടുകളിൽ migration facilitation centre, പാസ്സ്പോർട്ട് ഓഫീസുകളിൽ Pre-embarkment orientation centres എന്നിവ രൂപീകരിക്കാനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br><br>6. <u>നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം</u> |

| | | | |
|---|---|---|---|
| | | | 7. <u>അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം</u><br><br>കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies-ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br><br>8. <u>പ്രവാസി ആനുകാലിക പ്രസിദ്ധീകരണം</u><br><br>പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.<br><br>9. <u>എൻ.ആർ.ഐ. ബാങ്ക് & എൻ.ആർ.ഐ. കലോത്സവം എന്നീ ശിപാർശകൾ താൽക്കാലികമായി മാറ്റിവച്ചിരിക്കുകയാണ്.</u> |
| ബി) | ഒന്നാം ലോക കേരളസഭയുടെ നടത്തിപ്പിലും ദുബായ് മേഖലാ സമ്മേളനത്തിന്റെ നടത്തിപ്പിലും നോർക്ക വകുപ്പ് ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ; | ബി) | പ്രഥമ ലോക കേരള സഭയുമായി ബന്ധപ്പെട്ട് 2,03,21,861/- (രണ്ട് കോടി മൂന്ന് ലക്ഷത്തി ഇരുപത്തിഒന്നായിരത്തി എണ്ണൂറ്റി അറുപത്തി ഒന്ന് രൂപ) രൂപയും ദുബായിൽ നടന്ന മേഖലാ സമ്മേളനവുമായി ബന്ധപ്പെട്ട് ആകെ 18,40,670/- (പതിനെട്ട് ലക്ഷത്തി നാൽപതിനായിരത്തി അറുനൂറ്റി എഴുപത് രൂപ) രൂപയും ചെലവഴിച്ചു. |
| സി) | തിരുവനന്തപുരത്ത് 2020 ജനുവരിയിൽ നടന്ന ലോക കേരളസഭയുടെ നടത്തിപ്പിന് ആകെ എന്ത് തുക ചെലവായിയെന്ന് വെളിപ്പെടുത്തുമോ; | സി) & ഡി) | 2020 ജനുവരിയിൽ നടന്ന ലോക കേരളസഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ് കണക്കാക്കിവരുന്നു. |
| ഡി) | വിദേശരാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾക്ക് യാത്രാബത്തയായി എന്ത് തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**